marggam
Digital Library of Christianity in India
www.marggam.com

# സന്യാസീസന്യാസിനിമാർക്കുവേണ്ടിയുള്ള

# മൃതസംസ്കാരകർമ്മം

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# സന്യാസീ സന്യാസിനിമാർക്കുവേണ്ടിയുള്ള

# മൃതസംസ്കാരകർമ്മം

By

**Fr. Abel C. M. I.**

*All Rights reserved by the author*

*Ernakulam*
*1 – 1 – 1987*

2 രൂ 50 പൈസ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

Imprimatur:

† P. Clemens C. M. I.
Bishop of Sagar

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# ആമുഖം

വൈദികരുൾപ്പെടെയുള്ള സന്യാസീ സന്യാസിനിമാരെ ഉദ്ദേശിച്ചാണ് ഈ പ്രത്യേക ശുശ്രൂഷയ്ക്കു രൂപം കൊടുത്തിരിക്കുന്നതു്.

മരിച്ചയാളിൻെറ മുറിയിൽ വച്ചു നടത്തേണ്ട കർമ്മങ്ങൾ ഒന്നാംഭാഗമായും, കുർബാനയ്ക്കു മുമ്പു നടത്തുന്നവ രണ്ടാംഭാഗമായും, കുർബാന മൂന്നാംഭാഗമായും, തുടന്നു നടത്തുന്ന അന്തിമ കർമ്മങ്ങൾ നാലാംഭാഗമായും ചേർത്തിരിക്കുന്നു.

ഭവനത്തിനു പുറത്തുവച്ചാണു മരണം സംഭവിച്ചതെങ്കിൽ മൃതദേഹം നേരേ മുറിയിലേയ്ക്കു കൊണ്ടുപോകുന്നു. മുറിയിലേ കർമ്മങ്ങൾ കഴിഞ്ഞു പള്ളിയിലേയ്ക്കോ കപ്പേളയിലേയ്ക്കോ സംവഹിക്കുന്നു.

കാർമ്മികൻ എന്ന പദംകൊണ്ടു സഭാതലത്തിലോ, ആശ്രമതലത്തിലോ ഉള്ള അധികാരികളാണു വിവക്ഷിക്കപ്പെടുന്നതു്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# സന്യാസീ സന്യാസിനിമാക്കുവേണ്ടിയുള്ള

# മൃതസംസ്ക്കാരകർമ്മം

## ഒന്നാം ഭാഗം

**ആശ്രമാംഗങ്ങൾ മരിച്ചയാളിൻെറ മുറിയിൽ സമ്മേളിക്കുന്നു.**

**മൃതദേഹത്തിൻെറ തലയ്ക്കൽ കത്തിച്ച തിരികളുടെ നടുവിലായി കുരിശുരൂപം വച്ചിരിക്കണം. പെട്ടിയുടെ ചുററിലും ചന്ദനത്തിരികൾ കത്തിച്ചു നാട്ടുന്നതുകൊള്ളാം.**

**മരിച്ചയാളിൻെറ ജീവിതം, പ്രവർത്തനങ്ങൾ, അദ്ദേഹം സഭയ്ക്കും ആശ്രമത്തിനും ചെയ്തിട്ടുള്ള സേവനങ്ങൾ, സമൂഹത്തിനു് അദ്ദേഹത്തോടുള്ള കടപ്പാടു് എന്നിവയെപ്പററി ചുരുങ്ങിയ വാചകങ്ങളിൽ ഒരനുസ്മരണം നടത്തുന്നതു നന്നായിരിക്കും.**

**കാർമ്മികൻ മൃതദേഹത്തിന്മേലും മുറിയിലും വെഞ്ചരിച്ച പനിനീർ തളിച്ചുകൊണ്ടു് കർമ്മങ്ങൾ ആരംഭിക്കുന്നു.**

**(വെഞ്ചരിപ്പു പ്രാത്ഥന അനുബന്ധത്തിൽ)**

**കാർമ്മി:** പിതാവിൻെറയും ☩ പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ.

**സമൂ:** ആമേൻ.

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂ:** ആമേൻ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂ:** ആമേൻ.

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവുംകൂടി) അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലുമാകണമേ.

അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളോടു തെററു ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെററുകൾ ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ.

എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടേതാകുന്നു, ആമേൻ.

**കാർമ്മി:** കാരുണ്യവാനായ കർത്താവേ, ഞങ്ങൾ അങ്ങയെ ആരാധിക്കുകയും, മഹനീയമായ ത്രിത്വത്തിന്റെ നിഗൂഢമായ ശക്തിയെ വാഴ്ത്തുകയും ചെയ്യുന്നു. അലംഘ്യമായ അങ്ങയുടെ കല്പനയനുസരിച്ചു ഞങ്ങളിൽനിന്നു വേർപെട്ടുപോയിരിക്കുന്ന ഈ വൈദികന്റെ (സഹോദരന്റെ, സഹോദരിയുടെ) ആത്മാവിനെ നിത്യാനന്ദത്തിലേക്കു പ്രവേശിപ്പിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. 'മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ; നീ പോയി സുവിശേഷം പ്രസംഗിക്കുക' എന്ന ദിവ്യനാഥന്റെ പ്രബോധനം പ്രമാണമായി സ്വീകരിച്ച്, 'കലപ്പയിന്മേൽ കൈവച്ച ശേഷം പിന്തിരിഞ്ഞു നോക്കാതെ' അങ്ങയെ അനുഗമിച്ച ഈ ദാസനെ (ദാസിയെ) അങ്ങയുടെ ആനന്ദത്തിൽ പങ്കാളിയാക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമേൻ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## സങ്കീത്തനം (86)

**ശുശ്രൂ:** കത്താവേ, ഞാൻ അവശനും ദരിദ്രനുമാകുന്നു:
എൻെറ പ്രാത്ഥനയ്ക്കുത്തരമരുളണമേ.

മരിച്ചവരെ ഉയിപ്പിക്കുന്നവനേ,
അങ്ങയുടെ തിരുനാമത്തിനു സ്തുതി.

സമൂഹം രണ്ടു ഗണമായി തുടരുന്നു.

ദൈവമേ, എൻെറ ആത്മാവിനെ രക്ഷിക്കണമേ:
അങ്ങയുടെ ആശ്രിതനെ പരിപാലിക്കണമേ.

നിത്യവും ഞാൻ അങ്ങയോടു പ്രാത്ഥിക്കുന്നു:
കത്താവേ, എന്നെ അനുഗ്രഹിക്കണമേ.

അങ്ങയുടെ പക്കലേയ്ക്കു ഞാൻ കണ്ണുകളുയത്തുന്നു:
എൻെറ ആത്മാവിനെ സന്തോഷിപ്പിക്കണമേ.

ഹൃദയപൂവ്വം ഞാൻ അങ്ങയെ സ്തുതിക്കും:
കത്താവേ, അങ്ങയുടെ നാമം പ്രകീത്തിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമേൻ.

**ശുശ്രൂ:** മരിച്ചവരെ ഉയിപ്പിക്കുന്നവനേ,
അങ്ങയുടെ തിരുനാമത്തിനു സ്തുതി.

**കാമ്മി:** 'നീ ഇന്നു് എന്നോടുകൂടെ പറുദീസായിൽ പ്രവേശിക്കു'മെന്നു നല്ല കള്ളനോടു വാഗ്ദാനം ചെയ്ത കാരുണ്യവാനായ കത്താവേ, അങ്ങയുടെ നീതി നടത്തപ്പെടുന്ന ഭീതിജനകമായ വിധിദിവസത്തിൽ അങ്ങയുടെ സമൃദ്ധമായ അനുഗ്രഹം ഞങ്ങളെ ആശ്വസിപ്പിക്കുമാറാകട്ടെ. ജീവൻെറയും മരണത്തിൻെറയും നാഥാ, എന്നേയ്ക്കും.

**സമൂ:** ആമേൻ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## ഗാനം

നിന്റെ ദാസന്റെ ആത്മാവിനെ സന്തോഷിപ്പിക്കണമേ.

നൃപനാം മിശിഹാ കർത്താവേ,
അഴലും മരണവുമില്ലാതെ
ജീവൻ വിളയും രാജ്യത്തിൽ
വാനവരോടേ ചിരകാലം
ആനന്ദത്തൊടു വാണിടുവാൻ
ദാസനുവരമിന്നരുളേണം.
(വരമീ ദാസിക്കരുളേണം)

വാഗ്ദാനങ്ങളിൽ കർത്താവു വിശ്വസ്തനാകുന്നു.

വിലപിക്കരുതേ മരണത്തിൽ
പുനരുത്ഥാനം വരുമല്ലോ:
അരുളുംചെയ്തില്ലേ തിരുനാഥൻ
''ദൃഢമായെന്നിൽ വിശ്വാസം
നിക്ഷേപിക്കും മനുജനു ഞാ—
നന്തിമദിവസ മുയിർപ്പേകും''

ചിറകു വിടർത്തി അവരെ സ്വീകരിക്കുന്നു.

അംബരവീഥിയിലഖിലേശൻ
മിശിഹാരാജനെഴുന്നള്ളും
പരിശുദ്ധന്മാരണിയണിയാ—
യെതിരേല്പിന്നു നിരന്നീടും:
ആനന്ദത്തിൻ മണിയറയിൽ
ചിരമായ് വാണിടുമവരെല്ലാം.

ഇന്നു മുതൽ എന്നേയ്ക്കും.

നിത്യോന്നതമാം സായൂജ്യം
പുല്കുന്നതിനീയാത്മാവും
നിൻ വിളികേട്ടു ശരീരത്തെ
വിട്ടുപിരിഞ്ഞു തിരിക്കുന്നു
വാനവഗണമാദിനവും കാ—
ത്തക്ഷമരായിക്കഴിയുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



അവയെല്ലാം നശ്വരങ്ങളാകുന്നു.

ലോകവുമതിനുടെയാശകളും
നിശ്ശൂന്യതയിൽത്താഴുന്നു;
സത്യം നീതിയുമെന്നെന്നും
ലയമില്ലാതെ വിളങ്ങീടും
നിലനില്ക്കുന്നൂ സകലേശൻ
നല്കുന്നൊരു നിത്യായുസ്സും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

നൃപനാം മിശിഹാ കർത്താവേ,
വാഴ്ത്തിപ്പാടി നമിക്കുന്നേൻ;
വിശ്വത്തിൻെറ വിധാതാവേ,
നല്കണമേ പുനരുത്ഥാനം
പരിശുദ്ധന്മാർ വാഴുമിടം
ചേർക്കണമെന്നെയുമഖിലേശാ.

ആദിമുതൽ എന്നേയ്ക്കും ആമേൻ.

മഹിമയൊടന്തിമ വിധിനാളിൽ
കർത്താവേ, നീയണയുമ്പോഴും
കരുണയൊടെന്നെ നിറുത്തണമേ
നല്ലവരൊത്തു വലംഭാഗേ;
നല്കണമേ നിത്യായുസ്സിൻ
പരമോന്നതമാം പരിവേഷം.

**കാർമ്മി:** മനുഷ്യവർഗ്ഗത്തിൻെറ സ്രഷ്ടാവും സകലത്തിൻെറയും നാഥനുമായ ദൈവമേ, അങ്ങയുടെ തിരുനാമം സ്വർഗ്ഗത്തിലും ഭൂമിയിലും നിരന്തരം പ്രകീർത്തിക്കപ്പെടട്ടെ. ജീവൻെറയും മരണത്തിൻെറയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** അനുതാപികളെ അനുഗ്രഹിക്കുന്നവനും, പാപികളെ രക്ഷിക്കുന്നവനുമായ ദൈവമേ, അങ്ങയുടെ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ദാസനെ (ദാസിയെ) കടാക്ഷിക്കണമേ. പാപങ്ങൾക്കു മാപ്പുകൊടുത്തു വിശുദ്ധരുടെ വാസസ്ഥലത്തേയ്ക്കു് ഈ ആളെ പ്രവേശിപ്പിക്കണമേ. ജീവൻെറയും മരണത്തിൻെറയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമേൻ.

## ബോധനഗാനം

(അന്നൊരു ദിവസം........)

**കാർമ്മി:** കരുണാനിധിയാം കർത്താവേ, നിൻ
ദാസനു നല്കണമുന്നത മോഹന പറുദീസാ
യിൽ
(ദാസിക്കേകണ മുന്നതമോഹനപറുദീ
സായിൽ)
വിജയകിരീടം.

**സമൂ:** കരുണാനിധിയാം....

**കാർമ്മി:** മാനവരെല്ലാമന്തിമനാളിൽ
നിത്യവിധിക്കായ് വാനിലുയന്നു
പറന്നുവരുമ്പോൾ
കനിയണമെന്നിൽ

**സമൂ:** കരുണാനിധിയാം....

**കാർമ്മി:** വിജയം നേടിയ തനയക്കെല്ലാം
ജയമുടിനല്കാനംബരവീഥിയിൽ
നീയണയുമ്പോൾ
കനിയണമെന്നിൽ

**സമൂ:** കരുണാനിധിയാം....

## ഭവനത്തോട് അന്ത്യയാത്ര

**ശുശ്രൂ:** എൻെറ സന്യാസജീവിതത്തിനു സാക്ഷ്യം വഹിച്ച ഭവനമേ, ഞാൻ നിന്നോടു യാത്ര പറയുന്നു. എൻെറ വിജയപരാജയങ്ങൾക്കും, എൻെറ സന്തോഷ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

സന്താപങ്ങൾക്കുമെല്ലാം സാക്ഷിയായിരുന്ന നിന്നിൽ ഇനിയൊരിക്കലും ഞാൻ പ്രവേശിക്കയില്ല. ഞാൻ ഇവിടെവച്ച് അനുഷ്ഠിച്ച പ്രാർത്ഥനയും തപശ്ചര്യകളും ദൈവത്തിന്റെ മുമ്പിൽ എനിക്ക് അനുകൂലമായ വിധി നേടിത്തരട്ടെ. എന്റെ നാഥനെ പ്രതീക്ഷിച്ചുകൊണ്ടു സന്തോഷത്തോടും തൃപ്തിയോടുംകൂടെ ഇത്രയുംകാലം ഞാൻ ഇവിടെ ജീവിച്ചു. അവിടുന്ന് ഇതാ, നിത്യഭവനത്തിലേയ്ക്ക് എന്നെ ആനയിക്കുവാൻ ആഗതനായിരിക്കുന്നു. നിലനില്ക്കുന്ന ഭവനമൊന്നും ഇവിടെയില്ലാത്തതിനാൽ, താല്ക്കാലിക വസതിയായ നിന്നോടു ഞാൻ സന്തോഷപൂർവ്വം യാത്ര പറയട്ടെ.

എന്റെ സഹവാസികളായിരുന്ന പ്രിയപ്പെട്ട സഹോദരരേ, നിങ്ങളോടും ഞാൻ അന്ത്യയാത്ര പറയുന്നു. നിങ്ങൾ എന്നോടു കാണിച്ചിട്ടുള്ള സ്നേഹത്തിനും, എനിക്കുവേണ്ടി ചെയ്ത സേവനങ്ങൾക്കും ഞാൻ നന്ദിപറയുന്നു. അറിഞ്ഞോ അറിയാതെയോ നിങ്ങളെ ഞാൻ വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ നിങ്ങളോടു ഞാൻ മാപ്പുചോദിക്കുന്നു. എന്റെ ബലഹീനതയെല്ലാം പൊറുത്ത്, സമാധാനത്തോടെ യാത്രപുറപ്പെടുവാൻ എന്നെ അനുവദിച്ചാലും. ഞാൻ നിങ്ങളെ പിരിഞ്ഞുപോകുന്നെങ്കിലും, എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടെയുണ്ടായിരിക്കും. ഞാൻ ജീവിച്ചിരുന്ന മുറിയും, ഞാൻ ഉപയോഗിച്ചിരുന്ന വസ്തുക്കളും എന്നതിലുപരിയായി എന്റെ സൽകൃത്യങ്ങൾ എന്റെ ഓർമ്മ നിങ്ങളിൽ നിലനിർത്തട്ടെ. സ്വർഗ്ഗരാജ്യത്തിൽ വീണ്ടും നാം ഒരുമിക്കുന്നതുവരെ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.

അല്പസമയത്തെ മൗനത്തിനുശേഷം

**കാർമ്മി:** പരോപകാരപ്രവൃത്തികളാലും ജീവിതമാതൃകയാലും നമുക്ക് ഉത്തേജനം നൽകിക്കൊണ്ടിരുന്ന ഈ വൈദികനെ (സഹോദരനെ, സഹോദരിയെ) വിശുദ്ധ പിതാക്കന്മാർ ദൈവസന്നിധിയിലേയ്ക്കു നയിക്കുമാറാകട്ടെ.

**സമൂ:** ആമേൻ.

marggam
Digital Library of Christianity in India
www.marggam.com



**കാർമ്മി:** തൻെറ നാമത്തിൽ ചെയ്യുന്ന നിസ്സാര സേവനങ്ങൾക്കുപോലും പ്രതിഫലംനല്കുമെന്നു വാഗ്ദാനംചെയ്തിരിക്കുന്ന മിശിഹാ, ഈ ആളുടെ സൽക്കൃത്യങ്ങളിൽ സംപ്രീതനായി, ഈ ആളെ നീതിമാന്മാരുടെ സമൂഹത്തിലേയ്ക്കു സ്വീകരിക്കുമാറാകട്ടെ.

**സമൂ:** ആമേൻ.

**കാർമ്മി:** മരിച്ചവരെ ഉയിപ്പിക്കുകയും, നീതിമാന്മാർക്കു സ്വർഗ്ഗഭാഗ്യം നല്കുകയുംചെയ്യുമ്പോൾ, തൻെറ അനുഗ്രഹത്താലും തൻെറ മാതാവായ കന്യകാമറിയത്തിൻെറ പ്രാർത്ഥനയാലും, മിശിഹാ അവരോടുകൂടെ.... അച്ചനെയും (സഹോദരനെയും, സഹോദരിയെയും) നിത്യമഹത്വമണിയിക്കുമാറാകട്ടെ.

**സമൂ:** ആമേൻ.

കാർമ്മികനും മററംഗങ്ങളും മൃതദേഹത്തിൽ പൂക്കൾ വിതറുന്നു. തുടർന്നു മൃതദേഹം പള്ളിയിലേയ്ക്കു കൊണ്ടുപോകുന്നു. തത്സമയം താഴെക്കാണുന്ന പാട്ടു പാടുന്നു.

## ഗാനം

(പൂശ്ബശ്ലാമ്മാ....)

എൻെറ സഹോദരരേ, ഞാനിപ്പോൾ നിങ്ങളോടു യാത്രപറയുന്നു; നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

വിടവാങ്ങുന്നേൻ നശ്വരമുലകിൽ
വിട്ടതിയെനിക്കായ് നല്കിയവസതീ,
പരിശുദ്ധന്മാർ പരമാനന്ദം
നുകരുമിടത്തിൽപ്പോകുന്നൂ ഞാൻ.

അവയെല്ലാം കടന്നുപോകുന്നു.

ശാശ്വതഭാഗ്യം നരനരുളീടാൻ
കഴിവില്ലാത്തോരെൻ പാപ്പിടമേ,
പ്രഭയുടെനാട്ടിൽ നിത്യവിരുന്നി—
ന്നണയട്ടേ ഞാൻ— അന്തിമയാത്ര.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



എന്നും എന്നേയ്ക്കും

സഹജന്മാരേ, സ്നേഹിതഗണമേ,
യാത്രയിതാ, ഞാൻ ചോദിക്കുന്നു:
നിങ്ങളെനിക്കായ് ചെയ്തതിനെല്ലാം
മിശിഹാനാഥൻ പ്രതിഫലമേകും.

എന്റെ പ്രാർത്ഥന നിന്റെ പക്കൽ എത്തട്ടെ.

പ്രാർത്ഥിപ്പതിനായ് പരിപാവനമാം
ദൈവികഭവനം പൂകുന്നേരം
സ്നേഹാർദ്രതയാനെന്നൻ പ്രിയജനമേ
അനുദിനമലിവോടോർക്കണമെന്നെ.

ഭൂമിയിൽ അവർ വിലപിക്കുന്നു.

ആഡംബരവും പ്രൗഢിയുമെല്ലാം
നാശോന്മുഖമായ് നിഷ്പ്രഭമാകും:
പോകുന്നുഞാൻ ലയമിയലാത്തോ—
രുന്നതമോർശ്ലം പ്രാപിപ്പതിനായ്,

നീ എന്നും നിലനില്ക്കുന്നു.

പോയ്മറയുന്നീക്ഷണഭംഗുരമാം
ലോകവുമതിലേ ജഡികാശകളും
അക്ഷയഭാഗ്യം നേടാനുതകും
നിക്ഷേപങ്ങളാം കരുതുകനമ്മൾ.

അവനെ തേടി; കണ്ടെത്തിയില്ല.

ദുഷ്ടതകുടിവാണഴകിനശിക്കും
ലോകമിതെന്നിൽ ഭീതിയുണർത്തി;
ഓടിപ്പോയ്ഞാൻ ജീവൻപകരും
കുരിശിനെവിരവോടാശ്ലേഷിച്ചു.

നിന്റെ കരുണ എന്നെയറിയിക്കണമേ.

''ശാന്തിയിൽമകളേ, പൊയ്ക്കൊള്ളുക, നിൻ
പാപത്തിനുഞാൻ മാപ്പേകുന്നു.''
പാപിനിയോടായ്കല്പിച്ചതുപോൽ
എന്നൊടുമിപ്പോൾ കല്പിക്കണമേ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



നിന്റെ കരുണ ഞങ്ങളെ അനുഗമിക്കട്ടെ.

പരിശുദ്ധന്മാരെതിരേല്പിനുവ—
ന്നംബരമധ്യേ നീരചേരുന്നു.
സ്നേഹിതരേ, ഞാനവരുടെയണിയിൽ
ചേരുന്നതിനായ് പ്രാർത്ഥിക്കണമേ.

ആവശ്യമെങ്കിൽ താഴെക്കാണുന്ന പാട്ടുകളും പാടാം.

(ഉന്നതവാനിടമേ...)

പ്രമാണങ്ങൾ എന്റെ പ്രകാശമാകുന്നു.

പാവനവേദികമേലേറിയ ദീപമിതാ
കാനനമാരുതനിൽ മങ്ങിയണഞ്ഞല്ലോ.

എല്ലാവരും നിന്നെയനുസ്മരിക്കും.

തിരുസഭദുഃഖിതയായ് മിഴിനീർ തൂകുന്നു;
സഹജരുമുൾക്കടമാം വ്യഥയിൽത്താഴുന്നു.

നീ ഏററവും ഭാഗ്യവാനാകുന്നു.

ജീവിതരണഭുവിൽ പൊരുതിജയിച്ചവനേ (ളേ)
വിജയകിരീടമതാ മുന്നിൽ വിളങ്ങുന്നു.

തൃക്കൈനീട്ടി എന്നെ രക്ഷിക്കണമേ.

നാഥാ, പാപികളെത്തേടി വരുന്നവനേ,
ദുഃഖിതമാനസരിൽ ശാന്തിവിതയ്ക്കണമേ.

നിന്റെ കരുണ ഞങ്ങളെ അനുഗമിക്കട്ടെ.

അന്തിമദിവസത്തിൻ കാഹളമുയരുമ്പോൾ
കനിവൊടു ഞങ്ങളെ നീ തൃക്കൺപാർക്കണമേ.

നീതിമാന്മാർക്ക് അന്ധകാരത്തിൽ പ്രകാശമുദിച്ചു.

കടശിയിലഖിലേശാ പാപികൾ ഞങ്ങളെ നീ
മാരകഭീകരമാമിരുളിൽത്തള്ളരുതേ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



അങ്ങയുടെ വത്സലദാസന്മാർ.

സർവ്വരുമുന്നതമാം വാനവലോകത്തിൻ
മണവറ ചേർന്നിടുവാനാശയൊടുണരുന്നു.

നീതിയുടെ വാതിൽ തുറക്കണമേ.

മോഹനവാനിടമേ, വാതിൽ തുറക്കുക നീ,
കാഞ്ചനകാന്തിയൊടേ മാനവരണയുന്നു.

മൃതദേഹം പള്ളിയിൽ സ്ഥാപിച്ചശേഷം

**കാർമ്മി:** സർവ്വശക്തനായ ദൈവമേ, ജീവിതകാലത്തു് അങ്ങേയ്ക്കു സാക്ഷ്യം വഹിക്കയും, മരണസമയത്തു് അങ്ങയെ ആശ്രയിക്കയും ചെയ്ത ഈ ദാസനെ (ദാസിയെ) സ്വർഗ്ഗീയ പറുദീസായിലേയ്ക്കു പ്രവേശിപ്പിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമേൻ.

രണ്ടാം ഭാഗം ഉടനെതന്നെയാണു നടത്തുന്നതെങ്കിൽ താഴെ കൊടുത്തിരിക്കുന്നവ ഉപേക്ഷിക്കാം.

## ബോധനഗാനം

(അന്നൊരു ദിവസം...)

**കാർമ്മി:** വത്സലജനമേ, സോദരരേ, ഞാൻ
പോകുന്നംബരവീഥിയിലുന്നത—
ജീവൻ പുല്കാൻ പോകുന്നു ഞാൻ

**സമൂ:** വത്സലജനമേ....

**കാർമ്മി:** ധനമിന്നെന്തിനു തേടുന്നു നാം
ധനവും സുഖവും മൃതിയുടെ കുഴിയിൽ
ത്താണടിയുന്നു; കൂടെ വരില്ല.

**സമൂ:** വത്സലജനമേ....

**കാർമ്മി:** അഴകിന്നെന്തിനു തേടുന്നു നാം
മണ്ണിലടിഞ്ഞു കടശിയിലൊരുപിടി
മണ്ണായ്ത്തീരും; കൂടെ വരില്ല.

**സമൂ:** വത്സലജനമേ....

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## സങ്കീർത്തനം (102)

**ശുശ്രൂ:** കർത്താവേ, എൻെറ പ്രാർത്ഥനകേൾക്കണമേ:
എൻെറ അപേക്ഷ അങ്ങേ പക്കലെത്തട്ടെ.

മരിച്ചവരെ ഉയിപ്പിക്കുന്നവനേ,
അങ്ങയുടെ തിരുനാമത്തിനു സ്തുതി.

സമൂഹം രണ്ടു ഗണമായി ചൊല്ലുന്നു.

എൻെറ ക്ലേശകാലത്തു മുഖം മറയ്ക്കരുതേ;
ഞാൻ അങ്ങയെ വിളിക്കുമ്പോൾ
എന്നെ ചെവിക്കൊള്ളണമേ.

ജീവിതം പുകപോലെ മാഞ്ഞുപോകുന്നു:
എൻെറ അസ്ഥികൾ വെണ്ണീറുപോലെ വെളുത്തു.

ആഹാരത്തിൻെറ കാര്യംപോലും ഞാൻ മറന്നു:
പുൽക്കൊടിപോലെ ഞാൻ വാടിക്കരിഞ്ഞു.

വേദനയുടെ ആധിക്യം നിമിത്തം
മാംസം അസ്ഥിയോട് ഒട്ടിച്ചേർന്നു.

മരുഭൂമിയിലെ വേഴാമ്പൽ പോലെയും
വിജനപ്രദേശത്തേ മൂങ്ങ പോലെയും
ഞാൻ ഏകാകിയായിത്തീർന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനുംസ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമേൻ.

**ശുശ്രൂ:** മരിച്ചവരെ ഉയിപ്പിക്കുന്നവനേ,
അങ്ങയുടെ തിരുനാമത്തിനു സ്തുതി.

**കാർമ്മി:** പശ്ചാത്തപിക്കുന്ന പാപികൾക്കു മാപ്പു കൊടുക്കുന്ന കാരുണ്യവാനായ കർത്താവേ, ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. സ്നേഹപൂ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



വ്വം ഞങ്ങളെ സഹായിക്കണമേ. തൻെറ ജോലികളെല്ലാം പൂത്തിയാക്കിയശേഷം പരലോകത്തിലേയ്ക്കു യാത്ര പുറപ്പെട്ടിരിക്കുന്ന ഈ പുരോഹിതനെ (സഹോദരനെ, സഹോദരിയെ) വിശുദ്ധരുടെ സമൂഹത്തിലേയ്ക്കു പ്രവേശിപ്പിക്കണമേ. ജീവൻെറയും മരണത്തിൻെറയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമേൻ.

# രണ്ടാം ഭാഗം

മൃതദേഹം പള്ളിയിൽ സ്ഥാപിച്ച ശേഷം ഉടനെയോ, കുർബാനയ്ക്കു മുമ്പു സൗകര്യമുള്ള മറെറാരു സമയത്തോ തുടർന്നു ചൊല്ലുന്നു.

**ശുശ്രൂ:** മരിച്ചവരെ ഉയിപ്പിക്കുന്നവനേ,
അങ്ങയുടെ തിരുനാമത്തിനു സ്തുതി:
പ്രാത്ഥിക്കാം; നമുക്കു സമാധാനം.

**കാമ്മി:** അങ്ങയെ പ്രതി ഭവനത്തെയോ, മാതാപിതാക്കന്മാരെയോ, സഹോദരീ സഹോദരന്മാരെയോ പരിത്യജിക്കുന്നവനു ലോകത്തിൽ നൂറിരട്ടിയായ പ്രതിഫലവും, സ്വർഗ്ഗത്തിൽ നിത്യജീവനും നല്കുമെന്നു വാഗ്ദാനം ചെയ്ത കത്താവേ, ഭൂമിയിൽ അങ്ങേയ്ക്കു സാക്ഷ്യം വഹിച്ച ഈ സഹോദരനെ (സഹോദരിയെ) നിത്യാനന്ദത്തിലേയ്ക്കു പ്രവേശിപ്പിക്കണമേ. ജീവൻെറയും മരണത്തിൻെറയും നാഥാ, എന്നേയ്ക്കും.

**സമൂ:** ആമേൻ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## ഗാനം

(എവിടെയൊളിക്കും ....)

എൻെറ ഹൃദയം ഒരുങ്ങി നില്ക്കുന്നു.

മൃതിയുടെ നാദം പൊങ്ങി മുഴങ്ങി
യാത്ര പറഞ്ഞിനിയകലുന്നു ഞാൻ,
വിധിയുടെ വാതിൽ തുറന്നു കഴിഞ്ഞു
ദൈവിക സന്നിധിയണയുന്നു ഞാൻ;
ശാന്തിയെനിക്കു ലഭിച്ചിടുവാനായ്
പ്രാർത്ഥിക്കണമേ വിനയമൊടെന്നും.

അവിടത്തെ ആശ്രയിക്കുന്നവർ വിധിക്കപ്പെടുകയില്ല.

അന്നൊരു നേരിയ നാദം കേട്ടു—
ദൈവിക വിളിയുടെ മോഹനനാദം;
മാനസവേദിയിലാഞ്ഞു പതിഞ്ഞു
വേരുപിടിച്ചതു പൂക്കളണിഞ്ഞു;
കർത്താവേ, നിൻ വിളിയുടെ ശബ്ദം
പിഞ്ചെന്നവനെ (ളെ) കൈവെടിയല്ലേ.

കർത്താവിൻെറ പ്രവൃത്തികൾ ആരു വിവരിക്കും.

ഭക്തജനത്തിനു നിത്യമഹേശൻ
നല്കും പ്രതിഫലമെത്രമനോജ്ഞം!
നരനുടെ കണ്ണതു കണ്ടിട്ടില്ല,
കാതുകളൊന്നും കേട്ടിട്ടില്ല;
നിസ്തുലമതിനുടെ മാധുരിയേതും
മാനവഹൃദയമറിഞ്ഞിട്ടില്ല.

ദൈവമേ, എന്നോടു കരുണ തോന്നണമേ.

നീതിവിധിക്കായ് പ്പോകുന്നു ഞാൻ
നേർവഴികാട്ടും ദൂതനു പിൻപേ;
നിരവധിയാമെൻ പാപകടങ്ങൾ
നിർദ്ദയമെന്നെപ്പിന്തുടരുന്നു;
കർത്താവേ, നിൻ കരുണ തുളുമ്പും
കരവല്ലികളാണാശ്രയമെന്നും.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ദൈവമേ, എന്നെയനുഗ്രഹിക്കണമേ.

കാഹളവിളികേട്ടന്തിമനാളിൽ
മൃതരെല്ലാരുമുണർന്നുവരുമ്പോഠ
നൈരാശ്യത്തിൻ നിലവിളിയോടേ
ദുഷ്ടജനങ്ങഠ വേർപിരിയുമ്പോഠ
കനിവൊടു നാഥാ, നിത്യവിരുന്നിൻ
പറുദീസായിൽച്ചേർക്കണമെന്നെ.

എനിക്കെതിരായി അവർ സമരം ചെയ്തു.

നിൻതിരുകല്പന കാത്തിടുവാനായ്
നിർമ്മലവീഥിയിലെൻപദമൂന്നി;
എങ്കിലുമാവഴിവിട്ടു നടന്നു
വൈരികഴിച്ചൊരു കുഴിയിൽത്താണു;
വിധിയുടെ ദിവസം കർത്താവേ, നിൻ
കൃപയല്ലാതില്ലാശ്രയമൊന്നും.

ജീവിതം നിഴൽപോലെ കടന്നുപോകുന്നു.

നിത്യവുമനവധി പാപം ചെയ്തേൻ
ശിക്ഷകളോർത്തു ഞടുങ്ങുന്നു ഞാൻ;
വത്സരമെല്ലാമോടിയകന്നു;
പരിമിതമല്ലോ ജീവിതകാലം;
നിത്യവിധിക്കായണയും മുമ്പേ
മോചനമേകണമെൻ പ്രിയനാഥാ.

**കാർമ്മി:** ''എന്നെയനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ തന്നെത്തന്നെ പരിത്യജിച്ചു സ്വന്തം കുരിശുമെടുത്തു് എൻെറ പിന്നാലേ വരട്ടെ'' എന്നരുളിച്ചെയ്ത കർത്താവേ, അങ്ങയുടെ ഉപദേശം പ്രായോഗികമാക്കിക്കൊണ്ടു ലോകത്തിൽ ജീവിച്ച ഈ സഹോദരനെ (സഹോദരിയെ) പരിശുദ്ധരുടെ ഭവനത്തിലേയ്ക്കു പ്രവേശിപ്പിക്കണമേ. ജീവൻെറയും മരണത്തിൻെറയും നാഥാ, എന്നേയ്ക്കും.

**സമൂ:** ആമേൻ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## ബോധനഗാനം

(പുലരിയിൽ....)

കാർമ്മി: അന്തിമയാത്ര പുറപ്പെട്ടമീ—
ദാസനു മോചനമേകണമേ:
(ദാസിക്കാശ്രയമേകണമേ).
കർത്താവേ, നിൻ കൃപയാലേ
നിത്യാനന്ദവുമരുളണമേ.

സമൂ: അന്തിമയാത്ര....

കാർമ്മി: ''വരികെ''ന്നങ്ങു വിളിച്ചുടനെ
മുദമൊടു സന്നിധിചേർന്നു ഞാൻ
സാദരമങ്ങേപ്പൂവനിയിൽ
ജോലിക്കായ് സ്വയമർപ്പിച്ചു.

സമൂ: അന്തിമയാത്ര....

കാർമ്മി: രാപകൽ നിൻതിരുസന്നിധിയിൽ
ദിവ്യസുമങ്ങളൊരുത്തല്ലോ:
ആരാധനയാലാത്മാവിൻ
കഴിവുകൾ കാഴ്ചയണച്ചല്ലോ.

സമൂ: അന്തിമയാത്ര....

## സങ്കീർത്തനം (129)

സമൂഹം രണ്ടു ഗണമായി ചൊല്ലുന്നു.

അഗാധത്തിൽ നിന്നു ഞാൻ അങ്ങയെ വിളിക്കുന്നു:
കർത്താവേ, എൻെറ ശബ്ദം കേൾക്കണമേ:
എൻെറ പ്രാർത്ഥന ചെവിക്കൊള്ളണമേ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പാപങ്ങളെല്ലാം അങ്ങ് ഓർത്തിരുന്നാൽ
കർത്താവേ, ആർക്കു രക്ഷയുണ്ടാകും ?

എന്തെന്നാൽ പാപങ്ങളുടെ മോചനം
അങ്ങേപ്പക്കൽ നിന്നാണല്ലോ.

കർത്താവിൽ ഞാൻ ശരണപ്പെടുന്നു:
എന്റെ പ്രതീക്ഷ അവിടത്തെ വാഗ്ദാനത്തിലാകുന്നു.

പ്രഭാതം കാത്തിരിക്കുന്ന കാവൽക്കാരെപ്പോലെ
ഞാൻ അങ്ങയെ കാത്തിരിക്കുന്നു:
ഇസ്രായേലും അങ്ങയെക്കാത്തിരിക്കുന്നു.

അവിടുന്നു കരുണയുള്ളവനാണല്ലോ;
പൂർണ്ണമായ രക്ഷ അവിടത്തെ പക്കലാകുന്നു.

അവിടുന്ന് ഇസ്രായേലിനെ
അവരുടെ പാപങ്ങളിൽനിന്നെല്ലാം രക്ഷിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമേൻ.

**കാർമ്മി:** കാരുണ്യവാനും മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനുമായ കർത്താവേ, അഭേദ്യമായ അങ്ങയുടെ കല്പനയനുസരിച്ച ലോകത്തിൽനിന്നു വേർപിരിഞ്ഞുപോയിരിക്കുന്ന ഈ സഹോദരനെ (സഹോദരിയെ) അനുഗ്രഹിക്കണമേ. വിചാരത്താലും വചനത്താലും പ്രവൃത്തിയാലും ഈ ആറം ചെയ്തുപോയിട്ടുള്ള പാപങ്ങളെല്ലാം പൊറുത്തു വിശുദ്ധരുടെ സമൂഹത്തിലേയ്ക്ക് ഈ ആളെ പ്രവേശിപ്പിക്കയും ചെയ്യണമേ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

**സമൂ:** ആമേൻ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



# മൂന്നാം ഭാഗം

കർബാനയോടുകൂടിയാണു കർമ്മങ്ങൾ ആരംഭിക്കുക. അതിനുമുമ്പു മരിച്ച വ്യക്തിയെപ്പററി രണ്ടു മിനിററുനേരം സംസാരിക്കുന്നതു നന്നായിരിക്കും.

**പുരോ:** പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂ:** ആമേൻ.

**പുരോ:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂ:** ആമേൻ.

**പുരോ:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേയ്ക്കും.

**സമൂ:** ആമേൻ.

**പുരോ:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവും കൂടി) അങ്ങയുടെ നാമം....

**പുരോ:** അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമായ കർത്താവേ, ജീവിക്കുന്നവരുടെ നാട്ടിലേയ്ക്കു യാത്ര പുറപ്പെട്ടിരിക്കുന്ന ഈ സഹോദരനു (സഹോദരിക്കു) പാപശാന്തിയും പരമാനന്ദവും പ്രദാനം ചെയ്യണമേ. വിശ്വാസം പാലിച്ചുകൊണ്ടു തന്റെ ഓട്ടം പൂർത്തിയാക്കിയിരിക്കുന്ന ഈ സഹോദരനെ (സഹോദരിയെ) അങ്ങയുടെ സന്തോഷത്തിൽ പങ്കാളിയാക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമേൻ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## സങ്കീത്തനം (25)

**പുരോ:** ദൈവമേ, ഞാനങ്ങയെ ആശ്രയിക്കുന്നു:
ഞാൻ ഒരിക്കലും ഭഗ്നാശനാവുകയില്ല.

**സമൂ:** പരിശുദ്ധമായ ചിന്തകളോടെ
അങ്ങയുടെ ബലിപീഠത്തിനു മുമ്പാകെ നില്ക്കുവാൻ
കത്താവേ, ഞങ്ങളെ സഹായിക്കണമേ.

**പുരോ:** അങ്ങ് എന്റെ ദൈവവും രക്ഷകനുമാകുന്നു:
ഞാൻ എപ്പോഴും അങ്ങയിൽ ശരണപ്പെടുന്നു.

**സമൂ:** കഴിഞ്ഞുപോയ കാലങ്ങളിലെല്ലാം
ഞങ്ങളോടു കാണിച്ചിട്ടുള്ള സ്നേഹം
അങ്ങ് ഇപ്പോഠം അനുസ്മരിക്കണമേ.

**പുരോ:** എന്റെ ചെറുപ്പകാലത്തേ പാപങ്ങഠം മറന്നു്
കാരുണ്യപൂർവ്വം എന്നെ കടാക്ഷിക്കണമേ.

**സമൂ:** കത്താവേ, എന്നെ കടാക്ഷിച്ചനുഗ്രഹി
ക്കണമേ:
ഞാൻ ഏകാകിയും നിസ്സഹായനുമാകുന്നു.

**പുരോ:** പീഡകളിൽനിന്നു് എനിക്കു
മോചനം നല്കി
എന്റെ ഹൃദയവേദനകഠം നീക്കണമേ.

**സമൂ:** എന്റെ അദ്ധ്വാനവും ക്ലേശങ്ങളുമോർത്തു്
എന്റെ പാപങ്ങളെല്ലാം പൊറുക്കണമേ.

**പുരോ:** പിതാവിനും പുത്രനും പരിശുദ്ധാ
ത്മാവിനും സ്തുതി;
ആദിമുതൽ എന്നേയ്ക്കും ആമേൻ.

**എല്ലാവരുംകൂടി**

പരിശുദ്ധമായ ചിന്തകളോടെ
അങ്ങയുടെ ബലിപീഠത്തിനു മുമ്പാകെ നില്ക്കുവാൻ
കത്താവേ, ഞങ്ങളെ സഹായിക്കണമേ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**പുരോ:** ഞങ്ങളുടെ കർത്താവായ ദൈവമേ, അനന്തവും അഗ്രാഹ്യവുമായ അങ്ങയുടെ കാരുണ്യത്തെയോർത്തു സൃഷ്ടികളെല്ലാം അങ്ങയെ സ്തുതിക്കുവാനും ആരാധിക്കുവാനും കടപ്പെട്ടിരിക്കുന്നു. ജീവൻെറയും മരണത്തിൻെറയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമേൻ.

**പുരോ:** സർവാധിപനാം കർത്താവേ,
നിന്നെ വണങ്ങി നമിക്കുന്നു:
ഈശോനാഥാ, വിനയമൊടേ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

**സമൂ:** മർത്യനു നിത്യമനോഹരമാ—
മുത്ഥാനം നീയരുളുന്നു:
അക്ഷയമവനുടെയാത്മാവി—
നുത്തമ രക്ഷയുമേകുന്നു.

**പുരോ:** അനാദിയായ ദൈവമേ, ഉന്നതനായ രാജാവേ, അങ്ങു ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും, ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു. അങ്ങയെ ഞങ്ങൾ ആരാധിക്കയും പുകഴ്ത്തുകയും ചെയ്യുന്നു. ജീവൻെറയും മരണത്തിൻെറയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

**സമൂ:** ആമേൻ.

**ശുശ്രൂ:** ശബ്ദമുയർത്തിപ്പാടിടുവിൻ
സർവരുമൊന്നായ്പ്പാടിടുവിൻ:
എന്നെന്നും ജീവിക്കും
സർവേശ്വരനെ വാഴ്ത്തിടുവിൻ.

**സമൂ:** സർവേശാ, നീ പരിശുദ്ധൻ
ബലവാനേ, നീ പരിശുദ്ധൻ;
നിത്യനമർത്യൻ പരിശുദ്ധൻ
നിൻകൃപ ഞങ്ങൾക്കേകണമേ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**പുരോ:** ഞങ്ങളുടെ കർത്താവായ ദൈവമേ, ജീവദായകമായ ദിവ്യസന്ദേശം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെയും മനസ്സിനെയും പ്രകാശിപ്പിക്കണമേ. അതുവഴി സ്നേഹവും ശരണവും ഞങ്ങളിൽ വർദ്ധിക്കുവാനും, ഞങ്ങൾ രക്ഷ പ്രാപിച്ച് നിരന്തരം അങ്ങയെ സ്തുതിക്കുവാനും ഞങ്ങളെ സഹായിക്കണമേ.

**സമൂ:** ആമേൻ.

## വേദപുസ്തകവായന

### ലേഖനം

വൈദിക സന്യാസിക്ക്: സംഖ്യ 20:22–30
1 കൊറി. 15:35–37
അവൈദിക സന്യാസിക്ക്: 2 തെസ. 2:13–17
സന്യാസിനിക്ക്: നടപടി 9:36–42

### സുവിശേഷം

വൈദിക സന്യാസിക്ക്: മത്തായി 25:14–21
അവൈദിക സന്യാസിക്ക്: ലൂക്കാ 12:42–44
സന്യാസിനിക്ക്: ലൂക്കാ 10:38–42

സൂചന: പകരം മററു വായനകൾ തിരഞ്ഞെടുക്കാവുന്നതാണ്.

### പ്രസംഗം

### സമൂഹപ്രാർത്ഥന

**ശുശ്രൂ:** നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടുംകൂടെ, ഈ വൈദികന്റെ (സഹോദരന്റെ, സഹോദരിയുടെ) ആത്മാവിനുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കാം.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



തുടർന്നുള്ള പാദങ്ങൾ ഓരോരുത്തർ മാറി
മാറിച്ചൊല്ലുന്നതു നന്നായിരിക്കും.

അനന്തമായ സ്നേഹത്താൽ ഈ ആളെ സൃഷ്ടിക്കുകയും, അതുല്യമായ കൃപയാൽ വീണ്ടെടുക്കുകയുംചെയ്ത മിശിഹായേ, ശിക്ഷകളിൽനിന്നു മോചനംനല്കി ഈ ആളുടെ ആത്മാവിനെ സ്വർഗ്ഗരാജ്യത്തിലേയ്ക്കു സ്വീകരിക്കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

വിശുദ്ധ മാമ്മോദീസായാൽ മുദ്രിതവും, വിശുദ്ധ തൈലത്താൽ അഭിഷിക്തവും, മററു കൂദാശകളാൽ വിശുദ്ധീകൃതവുമായ ഈ ആളുടെ ആത്മാവിനെ നിത്യാനന്ദത്തിനു് അർഹമാക്കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ,....

അങ്ങയുടെ തിരുശ്ശരീരരക്തങ്ങളാൽ പരിപുഷ്ടമായ ഈ ആത്മാവിൻെറ പാപങ്ങളെല്ലാം പൊറുക്കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ....

ലോകബന്ധങ്ങളെല്ലാം പരിത്യജിച്ച പ്രാർത്ഥനയിലൂടെയും, വ്രതബദ്ധമായ ജീവിതത്തിലൂടെയും അങ്ങയെ അനുഗമിച്ച ഈ ദാസൻെറ (ദാസിയുടെ) ആത്മാവിനെ അനന്തമായ സ്വർഗ്ഗരാജ്യത്തിൽ അങ്ങയുടെ നിത്യസഹചാരിയാക്കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ....

സ്വയം പരിത്യജിച്ച തൻെറ കുരിശും വഹിച്ചുകൊണ്ടു് അങ്ങയെ അനുഗമിക്കുകയും സന്യാസജീവിതത്തിൻെറ കടമകൾ വിശ്വസ്തതയോടെ നിർവ്വഹിക്കയും

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ചെയ്ത ഈ ആളിനു നിത്യാശ്വാസം നല്ലണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ....

ബുദ്ധിമതികളായ കന്യകമാരെപ്പോലെയും, വിശ്വസ്തനായ ഭൃത്യനെപ്പോലെയും, അങ്ങയുടെ വരവു കാത്തിരുന്ന ഈ ആത്മാവിനെ സ്വർഗ്ഗീയമണവറയിലേയ്ക്കു സ്വീകരിക്കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ....

ഭാരമേറിയ ചുമതലകളുടെ നിർവ്വഹണത്തിൽ ഈ ആൾക്കു വന്നുപോയിട്ടുള്ള കുററങ്ങളും കുറവുകളും ദാക്ഷിണ്യപൂർവ്വം ക്ഷമിക്കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ....

അത്ഭുതകരമായ ഉത്ഥാനംവഴി മനുഷ്യവർഗ്ഗത്തെ ആനന്ദിപ്പിച്ച ലോകരക്ഷകനായ മിശിഹായേ, അങ്ങയുടെ മഹത്വത്തിൻെറ പ്രഭയാൽ ഈ ആത്മാവിനെ പ്രകാശിപ്പിക്കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ....

കാരുണ്യവാനായ കർത്താവേ, ഈ സഹോദരൻെറ (സഹോദരിയുടെ) വേർപാടിൽ ദുഖാർത്തരായിരിക്കുന്ന സഭാംഗങ്ങൾക്കും ബന്ധുമിത്രാദികൾക്കും ആശ്വാസവും പ്രതീക്ഷയും പകർന്നു കൊടുക്കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ....

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** മനുഷ്യവർഗ്ഗത്തിൻെറ രക്ഷകനായ മിശിഹായേ, അഭേദ്യമായ അങ്ങയുടെ കല്പനയനുസരിച്ചു

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മരണംവഴി ഞങ്ങളിൽനിന്നു വേർപിരിഞ്ഞുപോയിരിക്കുന്ന ഞങ്ങളുടെ.... അച്ചനെ (.... സഹോദരനെ, സഹോദരിയെ) കാരുണ്യപൂർവ്വം തൃക്കൺപാർക്കണമേ. വിചാരത്താലും വചനത്താലും പ്രവൃത്തിയാലും ഈ ആരം ചെയ്തുപോയിട്ടുള്ള പാപങ്ങളെല്ലാം പൊറുത്തു നീതിമാന്മാരോടുകൂടെ ഈ ആളെ നിത്യമഹത്വമണിയിക്കണമേ. ലോകത്തിൽ ഈ ആളെ ഓർത്തു വിലപിക്കുന്ന പ്രിയപ്പെട്ടവരെ ആശ്വസിപ്പിക്കണമേ. കുരിശിന്റെ അടയാളത്തോടും ദൈവദൂതന്മാരുടെ അകമ്പടിയോടുംകൂടെ വാനമേഘങ്ങളിൽ അങ്ങു പ്രത്യക്ഷനാകുമ്പോൾ കണ്ണുകണ്ടിട്ടില്ലാത്തതും കാതുകേട്ടിട്ടില്ലാത്തതും മനുഷ്യഹൃദയം ആസ്വദിച്ചിട്ടില്ലാത്തതുമായ നിത്യാനന്ദത്തിനു ഞങ്ങളെല്ലാവരെയും അർഹരാക്കുകയും ചെയ്യണമേ.

**സമൂ:** ആമേൻ.

**ശുശ്രൂ:** നമുക്കു തലകുനിച്ച് ആശീർവ്വാദം സ്വീകരിക്കാം.

കുർബാന തുടർന്നു ചൊല്ലി അവസാനിപ്പിക്കുന്നു.

## ഓനീസാ ദ്റാസേ

**പുരോ:** നിന്റെ ദാസന്റെ ആത്മാവിനെ സന്തോഷിപ്പിക്കണമേ.

**സമൂ:** കാരുണ്യവാനായ കർത്താവേ, മരണംവഴി ഞങ്ങളിൽനിന്നു പിരിഞ്ഞുപോയ ഈ വൈദികനു (സഹോദരനു, സഹോദരിക്കു) വേണ്ടി ഞങ്ങൾ അർപ്പിക്കുന്ന ബലി ദയയോടെ കൈക്കൊള്ളണമേ. അയാളുടെ കടങ്ങളും പാപങ്ങളും മോചിച്ചു സ്വർഗ്ഗരാജ്യത്തിന് അയാളെ അർഹനാ (യാ)ക്കണമേ. അങ്ങയുടെ ശരീരരക്തങ്ങളാൽ പരിപോഷിപ്പിക്കപ്പെട്ട ഈ ആളുടെ ആത്മാവിനെ പ്രകാശത്തിന്റെ മണിയറയിലേയ്ക്കാനയിക്കുകയും ചെയ്യണമേ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## ഓനീസാ ദ്'വേമ്മാ

**സമൂ:** പാപങ്ങളം പൊറുക്കുന്ന കാരുണ്യവാനും നീതിമാനുമായ വിധികത്താവേ, മരിച്ചവരുടെ പാപങ്ങളം ക്ഷമിച്ച് വിധിദിവസത്തിൽ അവരെ അങ്ങയുടെ വലത്തു ഭാഗത്തു നിത്തണമേ. അങ്ങയിൽ വിശ്വസിക്കുന്നവക്ക നിത്യജീവൻ വാഗ്ദാനം ചെയ്ത കത്താവേ, ഞങ്ങളം അങ്ങേയ്ക്കു സ്തുതിയും ബഹുമാനവും ആരാധനയും സമപ്പിക്കുന്നു.

## ഓനീസാ ദ്'വാത്തേ

**ശുശ്രൂ:** സഹോദരരേ, വരുവിൻ. ദൈവപുത്രൻെറ ശരീരരക്തങ്ങളം സ്വീകരിച്ച നമുക്ക് ആത്മവിശുദ്ധീകരണം പ്രാപിക്കാം. മരിച്ചുപോയ ഈ സഹോദരനു (സഹോദരിക്കു) വേണ്ടി ദൈവാനുഗ്രഹം യാചിക്കുകയും ചെയ്യാം.

# നാലാം ഭാഗം

കർബാന കഴിഞ്ഞു് എല്ലാവരും മൃതദേഹത്തിനടുത്തു ചെന്നുനിന്നു പ്രാർത്ഥന തുടരുന്നു.

**ശുശ്രൂ:** മരിച്ചവരെ ഉയിപ്പിക്കുന്നവനേ, അങ്ങയുടെ തിരുനാമത്തിനുസ്തുതി. പ്രാത്ഥിക്കാം; നമുക്കു സമാധാനം.

**പുരോ:** മരിച്ചവരെ ഉയിപ്പിക്കുന്നവനും, ജീവിക്കുന്നവരെ രൂപാന്തരപ്പെടുത്തുന്നവനും, പാപികളെ അനുഗ്രഹിക്കുന്നവനുമായ കത്താവേ, അങ്ങയുടെ മഹനീയമായ ത്രിത്വത്തെ ഞങ്ങളം ആരാധിക്കയും സ്തുതിക്കയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അങ്ങു് ആകാശത്തിൻെറയും ഭൂമിയുടെയും രാജാവാകുന്നു. ജീവൻെറയും മര

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ണത്തിൻെറയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമേൻ.

## സങ്കീർത്തനം (39)

സമൂഹം രണ്ടു ഗണമായി ചൊല്ലുന്നു.

എൻെറ ജീവിതം എത്ര ചുരുങ്ങിയതാകുന്നു!
അതു് എത്ര ക്ഷണികമാണെന്നു ഞാൻ ഗ്രഹിച്ചു.

എൻെറ ദിവസങ്ങൾ എത്ര പരിമിതങ്ങളാകുന്നു!
എൻെറ ജീവിതം അങ്ങയുടെ തിരുമുമ്പിൽ
എത്ര നിസ്സാരവുമാകുന്നു!

ജീവിതം നിഴൽപോലെ കടന്നുപോകുന്നു:
മനുഷ്യനോ, ഭൂമിയിൽ നിക്ഷേപം കൂട്ടുന്നു:
അതു് ആർക്കുവേണ്ടിയാണെന്നു് അവൻ ചിന്തിക്കുന്നില്ല.

കർത്താവേ, അങ്ങല്ലാതെ ആരെനിക്കാശ്രയം?
തിന്മയിൽനിന്നു് എന്നെ രക്ഷിക്കണമേ.

എനിക്കുള്ള ശിക്ഷയെല്ലാം ഇളച്ചുതരണമേ;
പാപത്തിനുള്ള ശിക്ഷയേററു ഞാൻ തളർന്നിരിക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമേൻ.

**പുരോ:** കരുണയുള്ള കർത്താവേ, കരയുന്നവർ അങ്ങയെ വിളിക്കുകയും, സങ്കടപ്പെടുന്നവർ അങ്ങയെ ആശ്രയിക്കുകയും ചെയ്യുന്നു. ജീവൻെറയും മരണത്തിൻെറയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമേൻ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## മുടിയണിയിക്കൽ

പുരോഹിതൻ പുഷ്പമുടി കൈയിലെടുത്തു മൃതദേഹത്തെ സമീപിക്കുന്നു.

**ശുശ്രൂ:** ''ഞാൻ നല്ലവണ്ണം യുദ്ധംചെയ്തു. ഞാൻ എന്റെ ഓട്ടം പൂർത്തിയാക്കി. എന്റെ വിശ്വാസം ഞാൻ സംരക്ഷിച്ചു. അതിനാൽ നീതിയുള്ള ന്യായാധിപനായ ദൈവം നീതിയുടെ കിരീടം ഇന്ന് എന്നെ അണിയിക്കുമാറാകട്ടെ'' (2 തിമോ. 4: 7).

**പുരോ:** വിശ്വസ്തരായ ഭൃത്യർക്കു വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന നിത്യാനന്ദത്തിലേയ്ക്കു ദൈവം അങ്ങയെ പ്രവേശിപ്പിക്കുമാറാകട്ടെ.

മൃതശരീരത്തിന്റെ ശിരസ്സിൽ പുരോഹിതൻ പുഷ്പമുടി ചാർത്തുന്നു.

## ദേവാലയത്തോട്ട യാത്ര

വൈദികർക്ക്

ശവമഞ്ചമെടുത്തു ശിരസ്സിന്റെ ഭാഗം വലിയ അരംന്താരയിൽ മൂന്നു പ്രാവശ്യം മുട്ടിക്കുന്നു. അനന്തരം വലത്തും, ഇടത്തുമുള്ള (അടച്ചിട്ടിരിക്കുന്ന) വാതില്ക്കലും, ആന വാതില്ക്കലും ഓരോ പ്രാവശ്യം മുട്ടിക്കുന്നു. (യാത്ര ചോദിക്കലിനെയാണ് ഇതു സൂചിപ്പിക്കുന്നത്)

തത്സമയം താഴെക്കാണുന്ന ഗാനം ആലപിക്കുന്നു. മുഴുവനും പാടണമെന്നില്ല. മുട്ടിക്കൽ തീരുമ്പോൾ പാട്ടു നിർത്താം.

(എത്താ പൂശ്ലേ...)

വിടവാങ്ങുന്നേൻ പരിപാവനമാം
ബലിവേദികയേ, വിടവാങ്ങുന്നേൻ
മുറപോലിനിമേൽ ബലി ചെയ്യുതിനായ്
നിൻപദതാരിൽ വരികില്ലാ ഞാൻ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



വിടവാങ്ങുന്നേൻ ദേവാലയമേ,
വാനവർ പാടും പരമാലയമേ,
സ്വർഗ്ഗാനന്ദം വിളയും നിന്നിൽ
പതിയില്ലിനിമേൽ എൻപാദങ്ങൾ

വിടവാങ്ങുന്നേൻ ദേവാലയമേ,
വാനവർ പാടും പരമാലയമേ,
കീർത്തനഗാനം പാടുന്നതിനായ്
തിരുസന്നിധിയിൽ വരികില്ലിനി ഞാൻ.

ഇനിയെൻ പ്രിയരേ, പോകുന്നു ഞാൻ
അന്തിമ യാത്രാവന്ദനമോടേ
ദേവാലയമേ, പോകുന്നു ഞാൻ
കർമ്മങ്ങൾക്കായ് വരികില്ലിനിമേൽ.

ആനവാതിൽ തുറന്നു നഗരികാണിക്കലിനായി മൃതദേഹം പുറത്തേയ്ക്ക് എടുക്കുന്നു.

അവൈദികന്

**ശുശ്രൂ:** ദൈവത്തിന്റെ ഭവനമേ, ഞാൻ നിന്നോടു യാത്രപറയുന്നു. മാമ്മോദീസാവഴി എന്നെ വിശുദ്ധീകരിക്കയും, പരിശുദ്ധ കുർബാനയാൽ എന്റെ ആത്മാവിനെ പോഷിപ്പിക്കയും, മററു കൂദാശകളാൽ എന്റെ ആത്മാവിൽ കൃപാവരം ചൊരിയുകയും ചെയ്ത പ്രിയപ്പെട്ട ദേവാലയമേ, ഞാൻ നിനക്കു വന്ദനം പറയുന്നു.

എന്റെ പിതാക്കന്മാരും ആത്മീയപാലകരുമായ പുരോഹിതരേ, ദൈവവചനങ്ങളാൽ എന്റെ ആത്മാവിന പോഷണം നല്കിയ നിങ്ങളോടു ഞാൻ യാത്രപറയുന്നു.

എനിക്ക് അന്തിമാഭിവാദനമപ്പിക്കുവാൻ വന്നിരിക്കുന്ന എന്റെ സഭാംഗങ്ങളേ, ബന്ധുമിത്രങ്ങളേ, ഞാൻ എന്റെ നിത്യഭവനത്തിലേയ്ക്കു പുറപ്പെടട്ടെ. ഞാൻ നിങ്ങളിൽനിന്ന് അകന്നുപോകുന്നുവെങ്കിലും എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടെയുണ്ടായിരിക്കും. സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.

തുടർന്നു നഗരികാണിക്കൽ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## നഗരികാണിക്കൽ

നഗരികാണിക്കുമ്പോഠം പാടുവാൻ നാലു ഗാനങ്ങഠം ചേർത്തിരിക്കുന്നു. അവയിൽ ആദ്യത്തെ രണ്ടെണ്ണം വൈദികക്കുവേണ്ടി മാത്രമുള്ളതാണ്. ബാക്കി രണ്ടെണ്ണം പൊതുവാണ്.

### I

### ഗാനം

(പൂശ്ബശ്ലാമ്മാ...)

എൻെറ സഹോദരരേ, ഞാൻ നിങ്ങളോടു യാത്രപറയുന്നു.

വിടവാങ്ങുന്നേൻ പരിപാവനമാം
ബലിവേദികയേ, വിടവാങ്ങുന്നേൻ
മുറപോലിനിമേൽ ബലിചെയ്യുതിനായ്
നിൻപദതാരിൽ വരികില്ലാ ഞാൻ

എനിക്കു നീ പ്രകാശം നൽകണമേ.

വിടവാങ്ങുന്നേൻ ദേവാലയമേ,
വാനവർ പാടും പരമാലയമേ,
സ്വർഗ്ഗാനന്ദം വിളയും നിന്നിൽ
പതിയില്ലിനിമേൽ എൻപാദങ്ങഠം.

നിങ്ങഠം എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

വിടവാങ്ങുന്നേൻ ദേവാലയമേ
വാനവർ പാടും പരമാലയമേ,
കീർത്തനഗാനം പാടുന്നതിനായ്
തിരുസന്നിധിയിൽ വരികില്ലിനി ഞാൻ.

ദൈവം കനിഞ്ഞു നമ്മെ അനുഗ്രഹിക്കട്ടെ.

ഇനിയെൻ പ്രിയരേ, പോകുന്നു ഞാൻ
അന്തിമയാത്രാ വന്ദനമോടേ
ദേവാലയമേ, പോകുന്നു ഞാൻ
കർമ്മങ്ങഠംക്കായ് വരികില്ലിനിമേൽ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഞാൻ അങ്ങയുടെ ഭവനത്തിലേയ്ക്കു വരുന്നു.

എൻപ്രിയനാടും നഗരവുമതിലെൻ
ഭവനവുമെല്ലാം വെടിയുന്നു ഞാൻ
സോദരഗണമേ, വത്സലസുതരേ
കാണില്ലാ നാം ഭൂമിയിലിനിമേൽ.

കണ്ണുനീരോടെ വിതയ്ക്കുന്നവൻ സന്തോഷത്തോടെ കൊയ്യുന്നു.

കൂദാശകൾതൻ കർമ്മങ്ങൾക്കായ്
തിരുഭവനത്തിൽ വരികില്ലിനി ഞാൻ;
ആശീർവ്വാദം നല്കുന്നതിനാ—
യെൻകരമിനിമേലുയരുകയില്ല.

നിങ്ങൾ എന്നെ വിസ്മരിക്കരുതേ.

വത്സലരേ, ഞാൻ നിങ്ങൾക്കെല്ലാം
നേർവഴികാട്ടി, സാന്ത്വനമരുളി;
അവസാനം ഞാനന്ധതയിങ്കൽ
താണടിയായ്‌വാൻ പ്രാർത്ഥിക്കണമേ.

## II

(അണയുന്നീശോ....)

കണ്ണുനീരുകൊണ്ടു കിടക്ക ഞാൻ നനച്ചു.

നിന്മരണത്തിൽ തിരുസഭ കരയുന്നു;
ബലിവേദികയും മിഴിനീർ തൂകുന്നു.

ദൈവം തന്റെ ജനത്തെ മോചിപ്പിച്ചു.

മൃതിയുടെ ഭരണം താണുനിലയ്ക്കുന്നു;
പുനരുത്ഥാനം പൊൻകൊടിനാട്ടുന്നു.

നീ അവനെ കിരീടമണിയിച്ചു.

യാത്രകഴിഞ്ഞു, വിജയവിരാജിതമാം
നിത്യവിരുന്നിൻ നിലയംപൂകുന്നേൻ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



അങ്ങ് എൻറ പരിചിതരെ അകററിക്കളഞ്ഞു.

സോദരരേ, നാമൊരുമിച്ചിതുവരെയും
പൂജയണച്ചു, പ്രാർത്ഥനയർപ്പിച്ചു.

കർത്താവു നമ്മെ കൈവിടുകയില്ല.

ഇനിയുംനിങ്ങൾ ബലികളണയ്ക്കുമ്പോൾ
അനുദിനമലിവോടെന്നെയുമോർക്കണമേ.

ദൈവത്തിൻെറ പ്രവൃത്തികൾ ആരു വിവരിക്കും.

സമയമടുത്തു; മണികൾ മുഴങ്ങുന്നു;
വിധിയുടെ നാഥൻ മഹിമയൊടണയുന്നു.

അവിടന്നു് അവരെ രക്ഷിക്കും.

ത്യാഗമെനിക്കായ് ചെയ്യതിനഖിലേശൻ
നിങ്ങൾക്കലകിൽ പ്രതിഫലമരുളട്ടെ.

കർത്താവു് എൻെറ സങ്കേതമായിരിക്കും.

പോകുന്നു ഞാൻ; വന്ദനമരുളുന്നേൻ;
എന്നുടെ ശബ്ദം കേൾക്കില്ലിനി നിങ്ങൾ.

## III

(എവിടെയൊളിക്കും....)

നീതിമാന്മാരേ, കർത്താവിനെ സ്തുതിക്കുവിൻ.

വഞ്ചനതിങ്ങിപ്പലരും ഭുവിൻ
പുഞ്ചിരി കണ്ടു മനം പതറാതെ
പാവനസൗഭഗപറുദീസാ തൻ
പാതയിലൂടെ നടന്നല്ലോ നീ;
സന്യാസത്തിൻ വനികയിലങ്ങനെ
സുന്ദരമലരായ് പൊന്തിവിരിഞ്ഞു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



എത്ര വിശിഷ്ടവും മനോഹരവുമാകുന്നു.

നാടും വീടും ജനകരെയും നിൻ
സോദരരേയും വിട്ടുപിരിഞ്ഞു:
അവനിയിലവികലശാന്തി വിളങ്ങും
പറുദീസാ നിൻ പാർപ്പിടമാക്കി;
കുരിശുവഹിച്ച മഹേശ്വരപാദം
പരിചൊടു നിത്യം പിഞ്ചെന്നു നീ.

കർത്താവ് ഏററവും വിശ്വസ്തനാകുന്നു.

ദൈവത്തിൻ വിളികേട്ടവരെല്ലാം—
ത്യാഗസുമങ്ങളണിഞ്ഞവരെല്ലാം
സ്വാതന്ത്ര്യത്തിൻ പൊൻകൊടി നാട്ടി
ഭൂമിയിലുന്നത വിജയം നേടി:
നിത്യവിരാജിത ജീവൻ പുല്കാൻ
കടശിയിലീശ്വരസന്നിധിചേർന്നു.

അവിടന്നു നമുക്കു ജീവൻ നല്കി.

''സർവ്വം ഞങ്ങളുപേക്ഷിച്ചല്ലോ:
പ്രതിഫലമെന്തു ലഭിക്കും നാഥാ,''
ശിഷ്യന്മാരുടെ ചോദ്യമുയർന്നു:
നാഥൻ പ്രീതി കലർന്നു മൊഴിഞ്ഞു:
''ഭൂമിയിലെല്ലാം നൂറു മടങ്ങായ്
നേടും നിങ്ങൾ; പറുദീസായും.''

പ്രമാണത്തിൽ നിന്നു ഞാൻ വ്യതിചലിച്ചില്ല.

''നശ്വരമുലകിനെയെന്നെക്കാളും
സ്നേഹിക്കുന്നവരെൻജനമല്ല;
കുരിശു വഹിച്ചു നിരന്തരമെന്നെ
പിൻതുടരാത്തവരെൻ ജനമല്ല:''
നിൻതിരുകല്പന പാലിച്ചവരെ
കർത്താവേ, നീ കൈവെടിയല്ലേ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



നീതിമാന്മാർ കർത്താവിൽ ആനന്ദിക്കും.

അനുസരണത്തിൻ പാതയിലൂടെ
അടിപതറാതെ ചരിച്ചവരല്ലോ:
ഹൃദയവിശുദ്ധി വരിച്ചിടുവാനായ്
ക്ഷണിക സുഖങ്ങൾ വെടിഞ്ഞവരല്ലോ:
കർത്താവേ, നിൻ മോഹനവിണ്ണിൻ
വാതിലവർക്കു തുറന്നരുളേണം.

## IV

(ലാതെക്റേലാക് ....)

വയലിൽപ്പുലരും പുൽക്കൊടിപോലെ
ജീവിതമിളയിൽ:
ഓർത്തോർത്തിനിയും നൈരാശ്യമൊടേ
വിലപിക്കരുതേ.

സ്ഫുടമായ്ക്കേൾക്കാം പുനരുത്ഥാനം
നവജീവിതവും
അറിയിച്ചരുളും സുവിശേഷത്തിൻ
തിരുസന്ദേശം.

വാദ്യാനങ്ങൾ തിങ്ങിമുഴങ്ങും
കാഹളനാദം
ആകാശത്തിൻ സീമകളെല്ലാം
മുഖരിതമാക്കും.

തിരുലിഖിതങ്ങൾ വായിച്ചവതൻ
വ്യാഖ്യാനങ്ങൾ
ശരിയായ് നല്കാൻ നിങ്ങൾക്കിനിയും
കഴിവില്ലേതും.

''സ്ത്രീപുരുഷന്മാരന്തരമിയലാ—
തുത്ഥാനത്തിൽ
സ്വർഗ്ഗംതന്നിൽ ദൂതർ കണക്കേ
രാജിക്കുന്നു''

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

മൃതനായ് മിശിഹാ മൂന്നാം ദിവസം
ജീവൻ നേടി;
ഭീകരമൃതിതൻ ചങ്ങലയേവം
പൊട്ടിനുറുങ്ങി.

മൃതിയുടെ കൊട്ടതാം കോട്ടകളെല്ലാം
തട്ടിനിരത്തി
നാഥൻ നവമായുത്ഥാനത്തിൻ
പാതതുറന്നു.

സ്വർഗ്ഗമണഞ്ഞോരജസുതനിനിയും
ജയലാളിതനായ്
വരുമീധരയിൽ കുരിശിൻ പ്രഭയാൽ
പരിവേഷ്ടിതനായ്.

ആകാശത്തിൽ ദൂതന്മാരും
ധരമേൽ നരരും
അക്ഷമരായ് നിൻ ആഗമദിവസം
പാർത്തുകഴിപ്പൂ.

വീട്ടെജമാനൻ പ്രതിഫലമേകാ–
നെത്തും ദിവസം
വേഗം പുലരാൻ ഭൃത്യഗണങ്ങൾ
നോക്കിയിരിപ്പൂ.

മണവാളൻ വന്നെത്തുന്നേരം
മണവറ ചേരാൻ
തിരികൾ തെളിച്ചാക്കന്യാമണികൾ
കാത്തുകഴിപ്പൂ.

നിശ്ചഞ്ചലരായ് ദൂതന്മാരും
തിരുസന്നിധിയിൽ
ആദരപൂർവ്വം കാഹളമൂതാ--
നണിനില്ക്കുന്നു.

ഓശാനകളാലെതിരേല്പതിനായ്
പരിശുദ്ധന്മാർ
ആകാശത്തിൻ മണിവാതില്ക്കൽ
നിലകൊള്ളുന്നു.

marggam
Digital Library of Christianity in India
www.marggam.com



മരണത്താലേ വിജയമണിഞ്ഞോ—
രുന്നതനൃപനായ്
പരിമളമൂതിരും പുഷ്പകിരീടം
നിർമ്മിക്കുന്നു.

സുകൃതസുമങ്ങൾ ചാർത്തിയൊരുങ്ങി
സമലംകൃതരായ്
വരുവിൻ, വരുവിൻ, നൃപനേമുറപോ—
ലെതിരേല്പതിനായ്.

നഗരികാണിക്കൽ കഴിഞ്ഞു
മൃതദേഹം നിശ്ചിതസ്ഥലത്തു
സ്ഥാപിച്ചു കഴിയുമ്പോൾ

## സമൂഹപ്രാർത്ഥന (2)

**പുരോ:** സത്യവിശ്വാസത്തോടുകൂടെ ഈ ലോകം വിട്ടുപോയിരിക്കുന്ന ബ. .... അച്ചനു (സഹോദരന്, സഹോദരിക്കു) വേണ്ടി നമുക്കു പ്രാർത്ഥിക്കാം. ജീവിതകാലത്തു സൽക്കൃത്യങ്ങളാൽ ദൈവത്തെ പ്രസാദിപ്പിച്ച ഈ ആളെ ദൈവം നീതിമാന്മാരുടെ സമൂഹത്തിലേയ്ക്കു പ്രവേശിപ്പിക്കുമാറാകട്ടെ.

**സമൂ:** ആമേൻ.

**പുരോ:** മരിച്ചവരെ ഉയിർപ്പിക്കയും, നീതിമാന്മാർക്കു സ്വർഗ്ഗഭാഗ്യം നല്കുകയും ചെയ്യുമ്പോൾ, തന്റെ അനുഗ്രഹത്താലും, തന്റെ മാതാവായ കന്യകാമറിയത്തിന്റെ പ്രാർത്ഥനയാലും മിശിഹാ അവരോടുകൂടെ ഈ ആളെയും തന്റെ വലത്തുഭാഗത്തു നിറുത്തുമാറാകട്ടെ.

**സമൂ:** ആമേൻ.

**പുരോ:** ജീവന്റെ പുസ്തകത്തിൽ ദൈവം ഈ ആളുടെ പേരെഴുതുകയും, തിരഞ്ഞെടുക്കപ്പെട്ടവരുടെ ഗണത്തിൽ ഈ ആളെ ചേർക്കുകയും ചെയ്യുമാറാകട്ടെ.

**സമൂ:** ആമേൻ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## അന്തിമാഭിവാദനം

വൈദികനാണെങ്കിൽ കരങ്ങളിൽനിന്നു കാസയും പീലാസയും മാറുന്നു.

വൈദികർ തുടങ്ങി ഓരോരുത്തരും മൃതദേഹത്തിൽ പുഷ്പങ്ങൾ വിതറിക്കൊണ്ടു കടന്നുപോകുന്നു.

തത്സമയം താഴെവരുന്ന പാട്ടു പാടുന്നു

### ഗാനം

വൈദികക്ക്

(ലാതെക്‌റേലാക്....)

പോവുക മുറപോൽ വന്ദ്യഗുരോ, വിൺ
മണവറചേരാൻ
പരിശുദ്ധന്മാരാദരവോടേ
സ്വാഗതമരുളും.

പോവുക മുറപോൽ വന്ദ്യഗുരോ, നിൻ
ജയമുടി നേടാൻ
അഴകൊഴുകും നിൻ വഴികളിലെല്ലാം
മലരുകൾ വിരിയും.

അന്തിമയാത്രാ വന്ദനമോടേ
പിരിയും താതാ,
വേദനയാൽ നിൻസുതരുടെ ഹൃദയം
കേണുരുകുന്നു.

തിരുസഭയങ്ങേ വിരഹദിനത്തിൽ
വിലപിക്കുന്നു;
ബലിപീഠമിതാ, നിശ്ചഞ്ചലമായ്
കദനം കൊൾവൂ.

സുവിശേഷത്തിൻ ദീപ്തിപരത്താൻ
ജാഗ്രതയോടേ
അനുദിനമുലകിൽ വിശ്രമമെന്യേ
അദ്ധ്വാനിച്ചു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ജീവൻനല്കും പരമോന്നതമാം
ക്രൂദാശകളാൽ
ദുഃഖിതരിൽ നീയാശ്വാസത്തിൻ
കിരണമുയർത്തി.

പാരത്രികമാമാശവളർത്തും
തിരുവാണികളാൽ
ക്രൂരിരുളംനിറയും കരളിൽപ്പുത്തൻ
ജീവനുണർത്തി.

അദ്ധ്വാനത്തിൻ കതിരുകൾ കൊയ്യാ—
നുയരുക വിണ്ണിൽ;
വന്ദനമരുളാനാത്മജരെല്ലാം
കാത്തുകഴിപ്പൂ.

പാപക്കറകൾ കലരാതുലകിൽ
ജീവിച്ചിടുവാൻ
ദുഃഖിതരാം നിൻ തനയർക്കായ് നീ
പ്രാർത്ഥിക്കണമേ.

മൃതിയുടെ വരവിൽ പുതിയൊരു ജീവൻ
പകരാൻപോരും
ദൈവകുമാരാ, വത്സലസുതനെ
കൈവെടിയല്ലേ.

ആവശ്യമെങ്കിൽ ആവർത്തിച്ചു പാടാം

അവൈദികർക്ക്

(ലാതെക് റേലാക്....)

പോവുകവെളിവിൻ പരിമളമെങ്ങും
പാകിയമലരേ,
പരമോന്നതമാം പ്രഭയൊടു വീണ്ടും
വിരിയുക വിണ്ണിൽ.

സുവിശേഷത്തിൻ ദീപ്തിപരത്താൻ
ജാഗ്രതയോടേ
അനുദിനമുലകിൽ വിശ്രമമെന്യേ
അദ്ധ്വാനിച്ചു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പ്രതിഫലമേകാൻ ദൈവകുമാരൻ
താണുവരുന്നു;
സൗഭാഗ്യത്തിൻ ജയമുടിനേടാ—
നുയരുക വിണ്ണിൽ.

അവനിയിലങ്ങേ സ്നേഹിതഗണവും
സഹവാസികളും
ചുടുകണ്ണീരിൻ കാഴ്ചകളങ്ങേ—
ക്കർപ്പിക്കുന്നു.

അന്തിമയാത്രാവന്ദനമോടേ
പിരിയും നിമിഷം
ദുഃഖമിയന്നീ മിത്രജനങ്ങൾ
വിലപിക്കുന്നു.

ഞങ്ങളുമിളമേലപകടമേതും
കലരാതൊരുനാൾ
നിത്യവിരുന്നിൻ മണിയറചേരാൻ
പ്രാർത്ഥിക്കണമേ.

മൃതിയുടെ വരവിൽ പുതിയൊരു ജീവൻ
പകരാൻപോരും
ദൈവകുമാരാ, വത്സലസുതനെ (യെ)
കൈവെടിയരുതേ.

അന്തിമാഭിവാദനം കഴിയുമ്പോൾ മൃതദേഹം സിമിറ്ററിയിലേക്കു കൊണ്ടുപോകുന്നു.

തത്സമയം താഴെവരുന്ന പാട്ടുപാടുന്നു.

**ഗാനം**

**(പുലരിയിൽ....)**

**സമൂഹം രണ്ടു ഗണമായി പാടുന്നു.**

പരിശുദ്ധന്മാർ കുടികൊള്ളും
കബറിടമെത്രമനോഹരമാം
അവരുടെ മരണം സ്വർഗ്ഗത്തിൽ
പുതിയൊരു മലരിൽ ജനനവുമാം.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



സമ്പാദിപ്പവനീശ്വരനായ്
സമ്പാദിക്കുകിലവയൊന്നും
മൃതിയുടെ ചുഴിയിൽത്താഴില്ല;
പിരിയുമ്പോഴും മനമുരുകില്ല.

എന്തിനു ധനവും ശ്രേയസ്സും
നേടാൻ മാനവനലയുന്നു ?
കടശിയിലുൽക്കടമരണത്തിൻ
കരയിലടിച്ചവ തകരില്ലേ ?

വന്മഴ പെയ്തു, കാറ്റൂതി
വെള്ളംപൊങ്ങി നിറഞ്ഞൊഴുകി;
കല്ലിലുയർത്തിയ ബലവത്താം
വീടിനു കേടുഭവിച്ചില്ല.

വിശ്വസ്തതയിലുറച്ചവനാം
ഭൃത്യനമോദമൊടഖിലേശൻ
വരദാനങ്ങളുമുന്നതമാം
പരമാനന്ദവുമരുളുന്നു.

എണ്ണ വിളക്കിൽനിറച്ചനിശം
കാത്തുകഴിച്ചൊരു കന്യകളിൽ
പ്രീതികലർന്നു മണവാളൻ;
മണവറയവരെക്കൈക്കൊണ്ടു.

നല്കിയജോലികളെല്ലാമെൻ
നാഥാ, ചെയ്തുകഴിഞ്ഞു ഞാൻ;
ഇനി നിൻ ദിവ്യ മഹത്വത്തിൻ
കതിരുകളെന്നിൽ നിറയ്ക്കണമേ.

നിൻതിരുഭവനം കാത്തിടുവാൻ
അതിനു മനോജ്ഞത ചേർത്തിടുവാൻ
ജീവിതമഖിലം നിറബലിയാ—
യർപ്പിച്ചവരിൽക്കനിയണമേ.

ആവശ്യമെങ്കിൽ ആവർത്തിച്ചു പാടാം.
കഴിയുടെ പക്കലെത്തുമ്പോഴും പാട്ടുനിർത്തുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

margGam Digital Library of Christianity in India
www.marggam.com



**പുരോ:** മണ്ണിൽനിന്നു മനുഷ്യനെ സൃഷ്ടിക്കുകയും അവനെ മരണവിധേയനാക്കുകയും ചെയ്യുന്ന ദൈവമേ, അങ്ങയുടെ വിശുദ്ധന്മാർ വിശ്രമംകൊള്ളുന്ന കബറിടം എത്ര മനോഹരമാകുന്നു. വിശുദ്ധ മാമ്മോദീസായാൽ മുദ്രിതവും പരിശുദ്ധ കുർബാനയാൽ പരിപുഷ്ടവും സന്യാസ വ്രതാനുഷ്ഠാനത്താൽ അനുഗൃഹീതവുമായ ഈ ശരീരത്തിനു ലോകാവസാനംവരെ വിശ്രമം നല്കേണ്ട ഈ കബറിടം വിശുദ്ധീകരിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമേൻ.

**പുരോ:** സോപ്പാകൊണ്ടു് എന്നെ തളിക്കണമേ. ഞാൻ നിർമ്മലനാകും. അതിൽ എന്നെ കഴുകണമേ: ഞാൻ മഞ്ഞിനെക്കാൾ വെണ്മയുള്ളവനാകും.

കർത്താവേ, അങ്ങേ അനുഗ്രഹത്തിന്റെ ദിവ്യജലത്താൽ ഈ ആളെ ആശ്വസിപ്പിക്കയും ✠ ഈ കബറിടം വിശുദ്ധീകരിക്കയും ✠ ചെയ്യണമേ.

✠ മൃതദേഹത്തിന്മേലും കബറിടത്തിലും പനിനീർ തളിക്കുന്നു.

**സമൂ:** ആമേൻ.

**പുരോ:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി: ആദിമുതൽ എന്നേക്കും ആമേൻ.

കുരിശുവഴിയായി നമ്മെ രക്ഷിച്ച പുത്രനു സ്തുതിയും ബഹുമാനവും സമർപ്പിക്കാം. ഞങ്ങളുടെ പ്രാർത്ഥനകൾ പരിമളധൂപംപോലെ ✠ അങ്ങയെ പ്രസാദിപ്പിക്കട്ടെ.

✠ മൃതദേഹവും കബറിടവും ധൂപിക്കുന്നു.

**സമൂ:** ആമേൻ.

**പുരോ:** ഞങ്ങളുടെ പ്രിയപ്പെട്ട സഹോദരാ, (സഹോദരീ) ഇതുവരെ ഞങ്ങൾ അങ്ങയെ അനുഗമിച്ചു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഇനി ദൈവത്തിന്റെ മാലാഖമാർ അങ്ങയെ അനുഗമിച്ചുകൊള്ളും. ''മനുഷ്യാ, നീ മണ്ണാകുന്നു; മണ്ണിലേയ്ക്കു തന്നെ മടങ്ങും'' എന്നു് അരുളിച്ചെയ്ത ദൈവം വിധി ദിവസത്തിൽ അങ്ങയെ ഉയിർപ്പിച്ചു തന്റെ വലത്തു ഭാഗത്തു നിറുത്തട്ടെ. അങ്ങയുടെ അദ്ധ്വാനങ്ങൾക്കും ക്ലേശങ്ങൾക്കും, ത്യാഗപൂർണ്ണമായ സന്യാസജീവിതത്തിനും ദൈവം പ്രതിഫലം നല്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

✠ മൃതശരീരം ആശീർവ്വദിക്കുന്നു.

**സമൂ:** ആമേൻ.

പുരോഹിതൻ പെട്ടിയിൽ കുന്തുരുക്കമിടുന്നു.

ബന്ധപ്പെട്ട അധികാരി വെള്ളത്തുവാലകൊണ്ടു മൃതദേഹത്തിന്റെമുഖം മൂടുകയും, സഭാംഗങ്ങളുടെ എല്ലാവരുടെയും പേർക്കു യാത്രാവന്ദനമായി (പതിവുണ്ടെങ്കിൽ) അന്തിമ ചുംബനം അർപ്പിക്കയും ചെയ്യുന്നു.

ബന്ധപ്പെട്ടവർ പെട്ടിമൂടുന്നു. അതു കുഴിയിലേയ്ക്കു് ഇറക്കുന്നു. (കുഴിമൂടരുതു്)

**പുരോ:** പശ്ചാത്തപിക്കുന്ന പാപികളെ സ്നേഹപൂർവ്വം സ്വീകരിക്കുന്ന കാരുണ്യവാനായ കർത്താവേ, മരിച്ചവരെ വിശുദ്ധീകരിക്കുകയും, മാലാഖമാരോടുകൂടെ സ്വർഗ്ഗത്തിൽ അങ്ങയെ സ്തുതിക്കുവാൻ അവരെ യോഗ്യരാക്കുകയും ചെയ്യണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമേൻ.

## പ്രബോധനഗാനം

(അന്നൊരുദിവസം)

**പുരോ:** നാഥനണഞ്ഞിടുമന്തിമനാളിൽ
കാരുണ്യമെഴും വിധിയാൽ വാനവ–
രാജ്യം നേടും മനുജനുഭാഗ്യം.

**സമൂ:** നാഥനണഞ്ഞിടു ....

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**പുരോ:** കറയററവനായ്ച്ചിരമഹിമാവിൽ
മിന്നിവിളങ്ങും മുഖമൊടു കല്ലറ
വിട്ടെഴുന്നേല്ക്കും മനുജനുഭാഗ്യം.

**സമൂ:** നാഥനണഞ്ഞിടു ....

**പുരോ:** ''വരികനിനക്കായാദിമുതൽ ഞാൻ
കരുതിയ രാജ്യംനേടുക'' നാഥനിൽ
നിന്നിതുകേൾക്കും മനുജനുഭാഗ്യം.

**സമൂ:** നാഥനണഞ്ഞിടു ....

## സങ്കീർത്തനം (90)

**ശുശ്രൂ:** കർത്താവേ, എല്ലാത്തലമുറകളിലും
അങ്ങു ഞങ്ങളുടെ അഭയമാകുന്നു.
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ,
അങ്ങയുടെ തിരുനാമത്തിനു സ്തുതി:

സമൂഹം രണ്ടുഗണമായി തുടരുന്നു.

മനുഷ്യരെ അങ്ങു പൊടിയിലേയ്ക്കു പിന്തിരിക്കുകയും
'നിങ്ങൾ പശ്ചാത്തപിക്കുവിനെ'ന്നു്
അവരെ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

അങ്ങേയ്ക്കു് ആയിരംവത്സരങ്ങൾ
അസ്തമിച്ചൊരു ദിവസംപോലെയും
രാത്രിയുടെ യാമംപോലെയുമാകുന്നു.

ലോകത്തിൽ മനുഷ്യന്റെ ജീവിതം
കിനാവുപോലെ കടന്നുപോകുന്നു.

രാവിലെ പൂവിടുകയും
വൈകുന്നേരം വാടിത്തളരുകയും ചെയ്യുന്ന
വയലിലെ പുഷ്പംപോലെതന്നെ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനുംസ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമേൻ.

**ശുശ്രൂ:** മരിച്ചവരെ ഉയിർപ്പിക്കുന്നവനേ,
അങ്ങയുടെ തിരുനാമത്തിനുസ്തുതി.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

margGam
Digital Library of Christianity in India
www.marggam.com



## സമാപനപ്രാർത്ഥനകൾ

**പുരോ:** സജീവവും ജീവദായകവുമായ ശബ്ദത്താൽ ലാസറിനെ ഉയിർപ്പിച്ച കർത്താവേ, ആ ശബ്ദം മഹനീയമായ നീതിവിധിയുടെ ദിവസത്തിൽ അങ്ങയുടെ ദാസനെ (ദാസിയെ) വിളിക്കുകയും, അങ്ങയുടെ വലത്തു ഭാഗത്തു നിറുത്തുകയും ചെയ്യട്ടെ. പാപങ്ങൾ പൊറുക്കുന്നവനും, കരുണ നിറഞ്ഞവനും, നീതിമാനുമായ വിധികർത്താവേ, ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമേൻ.

**പുരോ:** കർത്താവേ, മരിച്ചവരെ കരുണാപൂർവ്വം ജീവിപ്പിക്കണമേ. ജീവിക്കുന്നവരെ ദയാപൂർവ്വം പരിപാലിക്കണമേ. ഉത്ഥാനം പ്രതീക്ഷിച്ച് മരണമടഞ്ഞവരെ മഹിമയോടുകൂടെ ഉയിർപ്പിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമേൻ.

**പുരോ:** സത്യവിശ്വാസത്തോടുകൂടെ മരണം പ്രാപിക്കുന്നവർക്ക് പ്രകാശപൂർണ്ണമായ പുനരുത്ഥാനം വാഗ്ദാനം ചെയ്തിരിക്കുന്ന കർത്താവേ, ഞങ്ങളുടെയിടയിൽ നിന്നു വേർപിരിഞ്ഞുപോയിരിക്കുന്ന ബ. .... അച്ചനു (.... സഹോദരനു, സഹോദരിക്കു) മഹനീയമായ ഉയിർപ്പും അനശ്വരമായ സൗഭാഗ്യവും പ്രദാനം ചെയ്യണമേ. വിചാരത്താലും വചനത്താലും പ്രവൃത്തിയാലും ഈ ആൾ ചെയ്തുപോയിട്ടുള്ള പാപങ്ങളെല്ലാം പൊറുത്തു മാലാഖമാരുടെയും വിശുദ്ധരുടെയും വസതിയിലേയ്ക്കു ഈ ആളെ സ്വീകരിക്കണമേ. ഈ സംസ്കാരകർമ്മത്തിൽ സംബന്ധിച്ച് ഈ വൈദികനെ (സഹോദരനെ, സഹോദരിയെ) ബഹുമാനിക്കുകയും, ഈ ആളിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവരെയും അനുഗ്രഹിക്കണമേ. അങ്ങയുടെ പ്രസാദവരം ഞങ്ങളിൽ വസിക്കുകയും, അ-

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ങ്ങയുടെ അനുഗ്രഹം ഞങ്ങളെ അനുഗമിക്കുകയും ചെയ്യട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

**സമൂ:** ആമേൻ.

പുരോഹിതൻ കുഴിയിൽ കുന്തുരുക്കമിടുന്നു. മററുള്ളവർ കുന്തുരുക്കമിട്ടശേഷം കുരിശുതൊട്ടു നമസ്കരിക്കുന്നു. കുഴി മൂടുന്നു.

## അനുബന്ധം

### പനിനീർവെഞ്ചരിപ്പ്

അനുതപിക്കുന്ന പാപികളുടെ നിത്യസങ്കേതമായ ദൈവമേ, ഞങ്ങളുടെ പാപമോചനത്തിനായി ഈ പനിനീരിനെ ✠ ആശീർവ്വദിക്കണമേ. ഈ ജലത്താൽത്തന്നെ ഞങ്ങളെ വിശുദ്ധീകരിക്കയും ചെയ്യണമേ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**ഉത്തരം:** ആമേൻ.

### ചന്ദനത്തിരിവെഞ്ചരിപ്പ്

സുഗന്ധദ്രവ്യങ്ങളുടെയും പരിമളസസ്യങ്ങളുടെയും നാഥനായ ദൈവമേ, അങ്ങയുടെ ബഹുമാനത്തിനും ഞങ്ങളുടെ പാപമോചനത്തിനുമായി ഈ ചന്ദനത്തിരികൾ ✠ ആശീർവ്വദിക്കണമേ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**ഉത്തരം:** ആമേൻ.

Printed at St. Joseph's Press, Mannanam

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam

Digital Library of Christianity in India

www.marggam.com

**A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.**

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org